**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **11-10-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുനർനിർമ്മിക്കുമോയെന്ന് അറിയിക്കാമോ; കെ.എസ്.ആർ.ടി.സി.യുടെ ഒരു ബസ് സ്റ്റാൻഡ് നവീകരിക്കാനോ പുനർനിർമ്മിക്കാനോ സർക്കാർ/വകുപ്പ് തലത്തിൽ തീരുമാനം എടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിലവിൽ വന്നത് ഏത് വർഷമാണെന്നും നിലവിലെ ബസ് സ്റ്റാൻഡ് കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്നും അറിയിക്കുമോ; | (എ) | എറണാകുളം ബസ് സ്റ്റാന്റ് MLA ഫണ്ട്, CSR ഫണ്ട് എന്നിവ ഉപയോഗിച്ച് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബസ് സ്റ്റേഷൻ കെട്ടിടത്തിനുള്ളിൽ മഴ വെള്ളം കയറുന്നത് തടയുന്നതിനായാണ് പ്രവൃത്തി ചെയ്യുന്നത്. പ്രസ്തുത കെട്ടിടത്തിന് 56 വർഷത്തെ പഴക്കമുണ്ട്. 01.11.1968-ലാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിലവിൽ വന്നത്. |
| (ബി) | ദിനംപ്രതി എത്ര ബസ് സർവീസുകളാണ് എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഒരു ദിവസം എത്ര ബസുകൾ സ്റ്റാൻഡിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 75 സർവീസുകളാണ് ദിനംപ്രതി എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്ത് വരുന്നത്. കൂടാതെ വിവിധ ഡിപ്പോകളിൽ നിന്നുള്ള 398 ബസ്സുകൾ പ്രസ്തുത ഡിപ്പോയിൽ വരികയും പോവുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത ബസ് സ്റ്റാൻഡിൽ നിലവിൽ എത്ര ജോലിക്കാരുണ്ടെന്ന വിവരം തസ്തിക, ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ ഇനം തിരിച്ച് പട്ടികയാക്കി നൽകുമോ; | (സി) | എറണാകുളം യൂണിറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത സ്റ്റാൻഡും പരിസരവും ശുചീകരിക്കുന്നതിന്ന് തൊഴിലാളികളുണ്ടോ; എങ്കിൽ എത്ര തൊഴിലാളികളുണ്ടെന്നും ഇവരുടെ മേൽനോട്ടച്ചുമതല ആർക്കാണെന്നും അറിയിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ശുചീകരണം ആരുടെ ഉത്തരവാദിത്തമാണെന്ന് വിശദമാക്കുമോ; | (ഡി) | ബസ് സ്റ്റാൻഡും പരിസരവും ശുചീകരിക്കുന്നതിന് രണ്ട് കാഷ്വൽ ജീവനക്കാരുണ്ട്. ഇവരുടെ മേൽനോട്ട ചുമതലയും ബസ് സ്റ്റാർഡ് ശുചീകരണം സംബന്ധിച്ച നടപടികളുടെ ചുമതലയും എറണാകുളം യൂണിറ്റിലെ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്കാണ്. |
| (ഇ) | നിലവിലെ ബസ് സ്റ്റാൻഡിൽ മഴക്കാലത്ത് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് | (ഇ) | ഉണ്ട്.<br><br>തൽക്കാലം പമ്പ് സെറ്റ്, ഹോസ് എന്നിവ വാടകയ്ക്ക് എടുത്ത് വെള്ളം പമ്പ് ചെയ്ത് കളയുകയാണ് |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; ഏതെങ്കിലും പഠനത്തെ ആസ്പദമാക്കിയാണോ ആയതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | | ചെയ്യുന്നത്. |
| (എഫ്) | പ്രസ്തുത സ്റ്റാൻഡിൽ യാത്രക്കാർക്കായി ടോയ്‌ലറ്റ് സംവിധാനമുണ്ടോ; എങ്കിൽ ആയതിന്റെ നടത്തിപ്പ് ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ; നിലവിൽ ആയതിന്റെ നടത്തിപ്പ് ചുമതല ഏതെങ്കിലും ഏജൻസിക്കാണോ നൽകിയിട്ടുള്ളത്; എങ്കിൽ ഏജൻസിയുടെ വിശദാംശം നൽകുമോ; | (എഫ്) | യാത്രക്കാർക്കായി ടോയിലറ്റ് സംവിധാനം നിലവിലുണ്ട്.<br><br>ആയതിന്റെ നടത്തിപ്പ് M/s. SULABH International എന്ന ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളത്. |
| (ജി) | പ്രസ്തുത സ്റ്റാൻഡിൽനിന്നുള്ള ടോയ്‌ലറ്റ് മാലിന്യങ്ങൾ റോഡിലേക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര നാൾ കൂടുമ്പോഴാണ് ടോയ്‌ലറ്റ് മാലിന്യങ്ങൾ ഒഴിവാക്കുന്നതെന്നും അവസാനമായി ടോയ്‌ലറ്റ് ടാങ്ക് മാലിന്യങ്ങൾ ഒഴിവാക്കിയ തീയതി എന്നാണെന്നും അറിയിക്കുമോ; മാലിന്യനീക്കത്തിന് ഏത് തരത്തിലുള്ള കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകുമോ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എറണാകുളം കോർപ്പറേഷൻ ഓട ക്ലീൻ ചെയ്യാത്തതുകൊണ്ട് ഓടയിൽ നിന്നുള്ള വെള്ളം ബസ്സ്റ്റാൻഡിലേക്ക് ഒഴുകി വരികയും വെള്ളക്കെട്ട് ഉണ്ടാവുകയും ചെയ്യുന്നുണ്ട്.<br><br>യൂണിറ്റ് തലത്തിൽ ക്വട്ടേഷൻ സ്വീകരിച്ച് 04/01/2024-ൽ ടോയ് ലെറ്റ് ടാങ്ക് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| STAFF STRENGTH IN ERNAKULAM UNIT | | | |
|---|---|---|---|
| CATEGORY | PERMANENT EMPLOYEES | DAILY WAGES/ CLR EMPLOYEES | TOTAL |
| ASSISTANT TRANSPORT OFFICER | 1 | 0 | 1 |
| ADMINISTRATIVE OFFICER | 1 | 0 | 1 |
| DEPOT ENGINEER | 1 | 0 | 1 |
| SUPERINTENDENT | 2 | 0 | 2 |
| ASSISTANT DEPOT ENGINEER | 1 | 0 | 1 |
| INSPECTOR | 15 | 0 | 15 |
| STATION MASTER | 3 | 0 | 3 |
| VEHICLE SUPERVISOR | 4 | 0 | 4 |
| CHARGEMAN | 2 | 0 | 2 |
| ASSISTANT STORE KEEPER | 1 | 0 | 1 |
| MECHANIC | 55 | 2 | 57 |
| TYRE INSPECTOR | 1 | 0 | 1 |
| CONDUCTOR | 175 | 21 | 196 |
| DRIVER | 176 | 23 | 199 |
| ASSISTANTS | 13 | 6 | 19 |
| ASST. SEARGEANT | 1 | 0 | 1 |
| GUARD | 1 | 2 | 3 |
| STORE STAFF | 2 | 0 | 2 |
| PEON | 3 | 0 | 3 |
| CASUAL LABOURERS (CLEANING STAFF) | 0 | 2 | 2 |
| BUS WASHING STAFF | 0 | 7 | 7 |
| TOTAL | 458 | 63 | 521 |

8/10/2024
ASSISTANT

8-10-2024
SUPERINTENDENT

8.10.2024
ADMINISTRATIVE OFFICER
ADMINISTARTION